# വനിത അരവ് കേന്ദ്രം മൂടാടി

മൂടാടി ഗ്രാമപഞ്ചായത്തിലെ നന്തി ബസാർ എന്ന സ്ഥലത്ത് രേവതി കുടുംബശ്രീയിലെ 4 വനിതകളും മറ്റൊരു കുടുംബശ്രീ അംഗവും ചേർന്ന് 2014 ൽ നന്തി കോടിക്കൽ ബീച്ച് റോഡിൽ ആരംഭിച്ചതാണ് വനിത അരവ് കേന്ദ്രം. 50000 രൂപ ലോണെടുത്താണ് സംരംഭം തുടങ്ങിയത്. 25000 രൂപ ഇവർക്ക് പഞ്ചായത്ത് സബ്സിഡി ലഭിച്ചിട്ടുണ്ട്. ഇപ്പോൾ രേവതി കുടുംബശ്രീയിലെ 4 അംഗങ്ങൾ ചേർന്നാണ് ഇപ്പോൾ ഇത് നടത്തുന്നത്.ആദ്യം ഒരു ഗ്രൈന്റർ മാത്രമേ ഉണ്ടായിരുന്നുള്ളു, പിന്നീട് യൂണിറ്റിൽ നിന്നും ലഭിച്ച വരുമാനമുപയോഗിച്ച് മറ്റൊരു ഗ്രൈന്ററും, ഫ്രീസറും കൂടി യൂണിറ്റ് വാങ്ങി പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. ഒരു മാസത്തിൽ 15000/- രൂപയുടെ മൊത്ത വരുമാനം ഈ സംരംഭം മുഖേന ലഭിക്കുന്നു. 1000 രൂപ മാസ വാടകയും,2000 രൂപയോളം ഇലക്ട്രിസിറ്റി ബില്ലും ഉണ്ടാവാറുണ്ട്. വിവാഹ സീസണുകളിൽ മികച്ച വരുമാനം യൂണിറ്റിനു ലഭിക്കുന്നുണ്ട്.

അംഗങ്ങൾ

1. വൽസല

2. ഷൈനി

3. സരസ

4. ഷീല

ഒരു ജനറേറ്ററും, ഗ്രൈന്റിംഗ് മെഷീനും കൂടി ലഭിച്ചാൽ സംരംഭം കൂടുതൽ വിപുലപ്പെടുത്താൻ കുടുംബശ്രീയിൽ നിന്നും സാമ്പത്തിക സഹായം ആവശ്യമാണെന്ന് അംഗങ്ങൾ അഭ്യർത്ഥിച്ചു. പഞ്ചായത്ത് വകുപ്പ് ഒരു തവണ ഓഡിറ്റ് നടത്തിയതൊഴിച്ചാൽ മറ്റ് ഓഡിറ്റുകളൊന്നു നടത്തിയിട്ടില്ല. എം.ഇ.സി സംരംഭം സന്ദർശിക്കാറുണ്ട്. കണക്കെഴുത്തുകൾ കൃത്യമായി എഴുതി സൂക്ഷിക്കാറില്ല.

മുഹമ്മദ് റെനി

ബ്ലോക്ക് കോ ഓർഡിനേറ്റർ , ഡി.ഡി.യു.ജി.കെ.വൈ